## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ; 1393

22-3-13 ൽ
മറുപടിയ്ക്ക്

### അശ്ലീലച്ചുവയുള്ള പരസ്യങ്ങൾക്കും സഭ്യമല്ലാത്ത വാർത്തകൾക്കും നിയന്ത്രണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി. അയിഷാപോറ്റി | | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) ടി.വി. ചാനലുകളിലെ റിയാലിറ്റി ഷോകൾക്കും അശ്ലീലച്ചുവയുള്ള പരസ്യങ്ങൾക്കും സഭ്യമല്ലാത്ത വാർത്തകൾക്കും നിയന്ത്രണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടു സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ; | എ) | .ടി.വി. ചാനലുകൾ സംപ്രേഷണം ചെയ്യുന്ന വാർത്തകൾ, മറ്റ് പരിപാടികൾ എന്നിവയെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരം ജില്ലാതലത്തിലും സംസ്ഥാന തലത്തിലും മോണിറ്ററിങ് കമ്മിറ്റികൾ രൂപവത്കരിച്ചിട്ടുണ്ട്. നിലവിലെ കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞതിനാൽ ടി കമ്മിറ്റികൾ പുന;സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| ബി) പ്രസ്തുത പരിപാടികളെ നിയമം വഴി നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) | നിയമം നടപ്പിലാക്കാനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായതിനാൽ ഇത്തരം പരിപാടികളെ സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് അവ കേന്ദ്രസർക്കാരിനെ അറിയിക്കുകയാണ് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ